ഭരണഭാഷ – മാതൃഭാഷ

നം.TRY/126/2020-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 29/01/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: പ്ലെഡ്ജ് ചെയ്യുന്നതിനായി നടത്തുന്ന നിക്ഷേപങ്ങൾക്ക് ട്രഷറിയിൽ നിന്നും നിക്ഷേപ സർട്ടിഫിക്കറ്റ് കാലതാമസം – സംബന്ധിച്ച്.

സൂചന : ട്രഷറി ഡയറക്ടറുടെ 15.03.2018 ലെ സർക്കുലർ നമ്പർ 10/2018.

സൂചന ശ്രദ്ധിക്കുക. പ്ലെഡ്ജ് ചെയ്യുന്നതിനായി നടത്തുന്ന സ്ഥിരനിക്ഷേപങ്ങൾ ട്രഷറിയിൽ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിക്ഷേപം സ്വീകരിക്കുന്നതിൽ ചില ട്രഷറികളിൽ, ജീവനക്കാർ വൈമുഖ്യം കാട്ടുന്നതായും, പ്ളേഡ്ജിയുടെ പേർക്ക് ലീൻ നോട്ട് ചെയ്ത നിക്ഷേപ സർട്ടിഫിക്കറ്റ്/പാസ്സ്ബുക്ക് നിക്ഷേപകന് നൽകുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതികൾ ലഭിച്ചുവരുന്ന സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള തുടർ നിർദ്ദേശങ്ങൾ നൽകുന്നു.

സർക്കാരിന്റെ പൊതുമരാമത്തു പണികളും മറ്റും ഏറ്റെടുത്തു നടത്തണമെങ്കിൽ കരാറുകാർ ട്രഷറിയിൽ സെക്യൂരിറ്റിയ്ക്കായി അക്കൗണ്ടുകൾ (സ്ഥിരനിക്ഷേപം/ടി.എസ്.എ) തുടങ്ങേണ്ടതുണ്ട്. ടി അക്കൗണ്ടുകൾ തുറക്കേണ്ടത് നിക്ഷേപം ഈടായി സ്വീകരിക്കുന്ന ഓഫീസിന്റെ സമീപത്തുള്ള ട്രഷറിയിലോ, പ്രസ്തുത ഓഫീസിന്റെ ഡിഡിഒ ട്രാൻസാക്ഷൻ നടക്കുന്ന ട്രഷറിയിലോ ആകണമെന്ന് നിർബന്ധമില്ല. സെക്യൂരിറ്റി നിക്ഷേപങ്ങൾ ഏത് ട്രഷറിയിലുംസ്വീകരിക്കാവുന്നതാണ്.

മറ്റു നിക്ഷേപങ്ങളെ പോലെ തന്നെ പ്രാധാന്യം നൽകി സെക്യൂരിറ്റി നിക്ഷേപങ്ങൾ ട്രഷറികളിൽ സ്വീകരിക്കേണ്ടതും പരാതികൾക്ക് ഇടനൽകാത്തതരത്തിൽ സമയബന്ധിതമായി നിക്ഷേപ സെർട്ടിഫികറ്റുകൾ നൽകേണ്ടതുമാണ്. നിക്ഷേപകരുടെ ആവശ്യവും പരാതികളും ട്രഷറി ഓഫീസർമാർ അനുഭാവപൂർവം കേട്ട് പരിഹാരം ഉറപ്പുവരുത്തേണ്ടതാണ്. റിലീസ് നോട്ടീസ് ബന്ധപ്പെട്ട പ്ളേഡ്ജി ട്രഷറിക്ക് സമർപ്പിക്കുമ്പോഴാണ് നിക്ഷേപം ക്ലോസ് ചെയ്തു നൽകുന്നത്. പ്ളേഡ്ജി ട്രഷറിക്ക്

**File No.TRY/126/2020-F2**

നൽകേണ്ട റിലീസ് നോട്ടീസ് പ്ലേഡ്ജിയുടെ ഔദ്യോഗിക മെയിൽ ഐ .ഡി -യിൽ നിന്നും ട്രഷറിയുടെ മെയിൽ ഐ .ഡി യിലേക്ക് ലഭ്യമാക്കുകയാണെങ്കിൽ അത് പരിഗണിച്ച് നിക്ഷേപം/അക്കൗണ്ട് ക്ലോസ് ചെയ്ത് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്


Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014

www.treasury.kerala.gov.in, Email:keralatreasury@gmail.com

Ph: 0471-2323963,2322712 , FAX:0471-2324229